മലയാളഗുരു
(മലയാളം റിസർച്ച് ജേണൽ)
(Open Access, Double-Blind Peer Reviewed Journal)
ISSN Online: ISSN Print



# നാടൻകലകളിലെ കാളി സങ്കല്പം

Jesna T, Research Scholar, Department of Kerala Studies, University of Kerala, Kariavattom Campus Thiruvananthapuram, Kerala, India.

**Article information**
Received: 6th January 2025
Received in revised form: 11th February 2025
Accepted: 20th March 2025
Available online:25th April 2025

Volume: 1
Issue: 1
DOI: https://doi.org/10.5281/zenodo.15286518

**Abstract**

This article discusses the authenticity of the myth of Kali's concept in folk arts. The idea associated with this myth is closely connected with nature. Kali is considered the mother figure for her devotees, and this concept serves as a model for devotion. The historical significance of this concept is also highlighted. The importance of Kali worship is made clear here. Various forms of art have emerged to please the goddess. One such form is the art of floor drawing, where devotees worship by writing the goddess's form on the ground. Another art that emphasizes the concept of Kali is "Padayani." The wrathful form of the goddess, after the killing of Darika, is depicted here. Most of these arts are rooted in village traditions. Another form of worshipping the deity on the ground is "Sarppam Thullal." In the hair-cutting ritual, the wrathful form of the goddess can also be observed. The significance of the myth is one of the main characteristics of folk arts. The concept of Kali's battle with Darika symbolizes the removal of diseases and human-made suffering. All these are presented in connection with the annual festivals of Bhadrakali temples. In most regions of Kerala, there are forms of worship dedicated to Kali, with no distinction between castes. "Tholpavakuthu" is another example. Its narrative is based on the Ramayana story. Puthenthirakal also have a connection with Kali worship. Each culture has its own unique vision of color representation. The essence of nature's true vision is reflected in these art forms. Kali's concept has become a powerful myth for the people of Kerala. The ancient human understanding of color, art, and language style is manifested in these forms of art.

**സാരാംശം**

ഈ ലേഖനം നാടൻ കലകളിലെ കാളി സങ്കല്പം എന്ന മിത്തിന്റെ ആധികാരികത എടുത്തുപറയുന്നു. പ്രകൃതിയുമായി വളരെ ഇണങ്ങുന്ന ഒരു ആശയമാണ് ഈ മിത്തിനുള്ളത്. കാളി ഭക്തന്മാരുടെ അമ്മ സങ്കല്പത്തിന്റെ ദൃഷ്ടാന്തമാണിത്. അതിൻറെ ഐതിഹ്യ പ്രാധാന്യവും ഇവിടെ എടുത്തുപറയുന്നു. കാളി ആരാധനയുടെ പ്രാധാന്യം ഇവിടെ വ്യക്തമാക്കുന്നു. ദേവിയെ പ്രീതിപ്പെടുത്താൻ ആയി വിവിധതരം കലകൾ ഉടലെടുത്തിയിട്ടുണ്ട്. ദേവി രൂപം തറയിൽ എഴുതി ആരാധിക്കുന്നതാണ് കളമെഴുത്ത്. കാളി സങ്കൽപ്പത്തിന് പ്രാധാന്യം നൽകുന്ന മറ്റൊരു കലയാണ് പടയണി. ദാരികവധം കഴിഞ്ഞെത്തിയ ദേവിയുടെ രൗദ്രഭാവം ഇവിടെ ചിത്രീകരിക്കുന്നു. ഈ കലകൾ അധികവും ഗ്രാമത്തിന്റെ കലകളാണ്. തറയിൽ ആരാധനാമൂർത്തിയുടെ രൂപം വരച്ച് ആരാധിക്കുന്ന മറ്റൊരു കലാരൂപമാണ് സർപ്പം തുള്ളൽ. മുടിയേറ്റിലും ദേവിയുടെ രൗദ്രഭാവം ദർശിക്കാനാകും. മിത്തിന്റെ പ്രാധാന്യം നാടൻകലകളിലെ മുഖ്യ സവിശേഷതയാണ്. രോഗവും മനുഷ്യനിർമ്മിത ദുരിതവും അകറ്റുന്ന ആശയമാണ് കാളിദാരിക യുദ്ധം. ഇവയെല്ലാം ഭദ്രകാളി കാവുകളിലെ വാർഷികോത്സവവുമായി ബന്ധപ്പെട്ട അവതരിപ്പിക്കുന്നവയാണ്. കേരളത്തിൽ മിക്ക പ്രദേശങ്ങളിലും കാളിയെ ആരാധിക്കുന്ന രീതിയുണ്ട്. അവർണ്ണ സവർണ്ണ

വ്യത്യാസം ഈ ആരാധനയിൽ ഇല്ല. തോൽപാവകുത്ത് മറ്റൊരു ഉദാഹരണമാണ്. രാമായണ കഥയാണ് ഇതിൻറെ ഇതിവൃത്തം. പൂതൻതിറകളെയും കാളി ആരാധനയുമായി ബന്ധമുള്ളതാണ്. ഓരോ സംസ്കാരത്തിനും അവരുടേതായ വർണ്ണരൂപ ദർശനം ഉണ്ട്. പ്രകൃതിയുടെ സത്യദർശനമാണ് ഇതിൽ ഉള്ളത്. കേരള ജനതയുടെ ശക്തമായ മിത്ത് ആയിത്തീരാൻ കാളി സങ്കൽപ്പത്തിന് കഴിയുന്നുണ്ട്. പ്രാചീന മനുഷ്യൻറെ വർണ്ണബോധം കലാബോധം ഭാഷാശൈലി എന്നിവ ഇത്തരം കലകളിൽ പ്രകടമാകുന്നുണ്ട്.

**പ്രധാന വാക്കുകൾ :** ഭദ്രകാളി, ചുടല കാളി, ഭഗവതി തോറ്റം, മുടിയാട്ട്, കതിരുകളി, അനുഷ്ഠാനം, നാടൻ കലകൾ, മിത്തുകൾ, കാളി സങ്കല്പം, സാഹിത്യ സവിശേഷത, കാളി ആരാധന, വനവും കാവും തമ്മിലുള്ള ബന്ധം, ജൈവവൈവിധ്യം, ചരിത്ര പൈതൃകം, ദാരുകൻ, ദാരികപുരി, ആരാധനാരീതി, കലാരൂപങ്ങൾ, കളമെഴുത്ത്, പടയണി, തോൽപ്പാവക്കൂത്ത്, പൂതൻതിറകളി, സർപ്പം തുള്ളൽ, പൗരാണികത, ആത്മീയത, വർണ്ണബോധം.

## ആമുഖം

സങ്കീർണ്ണമായ സംസ്കാരം ആർജ്ജിച്ച മനുഷ്യന്റെ വിചാരവികാരങ്ങൾ ആദിമകാലം തൊട്ടുതന്നെ ഭയം, ആരാധന എന്നിവയുമായി ബന്ധപ്പെട്ട് കിടക്കുന്നതാണല്ലോ. കേരളത്തിലെ ഭൂപ്രകൃതിയും കാലാവസ്ഥയും ഇത്തരം സങ്കല്പങ്ങൾക്ക് കാരണമായി തീർന്നിട്ടുണ്ട്. ഭയവും , സ്നേഹവും ഭക്തിയും മത്സരവുമെല്ലാം ചേർന്ന ഭാവത്തിന്റെ സന്തുലനം അതിലുണ്ട്. കേരളത്തിലെ വൃക്ഷാരാധനയും അമ്മദേവാരാധനയും അന്യോന്യം ബന്ധപ്പെട്ടതായി കരുതാവുന്നതാണ്. എല്ലാ സസ്യങ്ങൾക്കും അതിൻറേതായ തനത് സവിഷേതകളുണ്ടെങ്കിലും പാല, കള്ളി, അലറി തുടങ്ങിയ പശയുള്ള വൃക്ഷങ്ങൾക്കും കയ്പുള്ള കാഞ്ഞിരംപോലുള്ളലവയക്കും കൂടുതൽ പ്രാധാന്യമുണ്ട്.കേരളത്തിലെ കാളിസങ്കല്പവും ഇത്തരം വൃക്ഷങ്ങളുമായാണ് ബന്ധമുള്ളത്. കാളിപൂജയിൽ പാലുള്ള സസ്യവും അമ്മയും തമ്മിലുള്ള ബന്ധമാണ് ദർശിക്കുന്നത്.

## കാളിസങ്കല്പം - കാഴ്ചപ്പാട്

വൃക്ഷത്തോട് ചേർന്ന സങ്കല്പമാണ് കാളിയുടേത്. വൃക്ഷത്തിന്റെ ചുവട്ടിൽ അമ്മയുണ്ട്. ഈ സങ്കല്പത്തിന് മൂർത്തരൂപം നൽകാൻ ആ മരച്ചുവട്ടിൽ ഒരു കല്ല് വച്ചാൽ മതി. ആദ്യകാല കാളി, വനദുർഗ്ഗയും നനദുർഗ്ഗയുമാണ്. പ്രകൃതിയിൽ കുളിച്ചുനിൽക്കുന്ന വനം തന്നെയാണ് അമ്മ. അതായത് കാളി വനവും കാവും തമ്മിലുള്ള ബന്ധം ശ്രദ്ധേയമാണ്. കാവ് കാട്ടിലെ ജൈവവൈവിധ്യത്തിന്റെ ഒരു ചെറിയ പതിപ്പാണ്. കാവുകളുമായി ബന്ധപ്പെട്ട നിരവധി മൂർത്തി സങ്കല്പങ്ങൾ പിൽക്കാലത്ത് ഉടലെടുത്തു. കാളി, വേട്ടക്കൊരുമകൻ, അന്തിമഹാകാളൻ, കരിങ്കാളി, അയ്യപ്പൻ എന്നിങ്ങനെ നിരവധി സങ്കല്പങ്ങൾ കാവുകളുമായി ബന്ധപ്പെട്ട് ഉള്ളതാണ്. പതുക്കെ കാവിന്റെ ദൈവികപരിവേഷം ഏറിവന്നു. കാവു തീണ്ടുന്നത് വലിയ വിരോധമായുള്ള കാര്യമായി മുനഷ്യർ കരുതിതുടങ്ങി.

കാവിലമ്മയുടെ അധികാരപരിധി ഒരു പ്രദേശത്തിന്റെ അകത്തായിരിക്കും. ഒരു തട്ടിൻറേയും അകം അഥവാ തട്ടകം കാത്തുസംരക്ഷിക്കുന്ന അമ്മ കാവിലമ്മയാണ്. തട്ടകത്തമ്മ നാട്ടുവാഴിയമ്മയാണ്. പിൽക്കാലത്ത് നാട്ടുവാഴിയമ്മക്ക് വാസ്തുശിലപരൂപത്തിൽ ക്ഷേത്രങ്ങളുണ്ടായി. തറ ചതുരവും മേൽഭാഗം കൂർത്തതുമായ ഒരു വാസ്തുരൂപമാണ് ആദ്യകാലങ്ങളിലെ ക്ഷേത്രങ്ങളുടെ ആകൃതി. അങ്ങനെ കാടമ്മ പരിഷ്കരിച്ച് ദുർഗ്ഗയും ദേവിയും പാർവ്വതിയും സരസ്വതിയുമൊക്കെയായി.

## ഭദ്രകാളിസങ്കല്പം - ചരിത്രാവിഷ്കാരം

കാളി സങ്കലപ്ത്തിന് നിദാനമായ ഒരൈതിഹ്യമുണ്ട്. പരമശിവനിൽ നിന്നാണ് കാളിയുടെ ആവിർഭാവമെന്നാണ് സങ്കല്പം പുരാണത്തിന്റെ പൊരുൾ ഇവിടെ സൂചിപ്പിക്കട്ടെ. ദേവാസുരയുദ്ധത്തിൽ

അസുരവംശം പാടെ നശിച്ചു. അതിൽ ദാനപതി, ദാരുമതി എന്നീ അസുരസ്ത്രീകൾ അവശേഷിച്ചു.തന്റെ വംശത്തെ പുനരുദ്ധരിക്കാനായി ശപഥമെടുത്ത അവർ ബ്രഹ്മദേവനെ ഉദ്ദേശിച്ച് തപസ്സാരംഭിച്ചു. അതിൽ സംതൃപ്തനായ ബ്രഹ്മാവ് പ്രത്യക്ഷപ്പെടുകയും അസുരകുലോദ്ധാരണത്തിന് കഴിവുള്ള ഓരോ പുത്രന്മാരെ നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. അതുപ്രകാരം അവർക്ക് ഓരോ പുത്രന്മാർ ജനിച്ചു. ദാനവതിയുടെ പുത്രൻ ദാനവൻ എന്നും ദാരുമതിയുടെ പുത്രൻ ദാരുകൻ എന്നും നാമകരണം ചെയ്തു.

വരസിദ്ധി കൊണ്ടഹങ്കരിച്ച ദാരുകന്റെ ശല്യം സഹിക്കാനാകാതെ ദേവന്മാർ കൈലാസത്തിലെത്തി സങ്കടം ബോധിപ്പിച്ചു. പിന്നീട് ശിവന്റെ ഉപദേശത്താൽ നാരദമഹർഷിയെ ദാരുകപുരിയിലേക്ക് സാരോപദേശത്താൽ സാത്വികബോധം അവനിൽ ഉദ്ദീപിക്കാനാൻ ശ്രമിക്കാനായി അയച്ചു. നാരദമഹർഷിയുടെ വാക്കുകളിൽ ദാരുകൻ അത്യാചാരപരവും അധാർമ്മികവുമായ പൈശാചികതാണ്ഡവമാടുകയാണ്. എന്നും ആ നിഷ്ഠുരന്റെ അന്ത്യത്തിനുള്ള സമയം അതിക്രമിച്ചിരിക്കുന്നു എന്നും നാശാഭരങ്ങനെ നമിച്ച് ബോധിപ്പിച്ച് ദേവർഷിയുടെ നിവേദനം ശ്രവിച്ച ശ്രീകണ്ഠൻ അത്യുഗ്രസംഹാരരുദ്രനായി മാറി. ജട അഴിഞ്ഞുലഞ്ഞു.കാളകണ്ഠൻ കോപത്തോടെ ചാടിഎഴുന്നേറ്റു. തൃക്കണ്ണിൽ നിന്ന് തീക്ഷണമായ തീകണങ്ങളും കറുത്ത പുകപടലങ്ങളും ആവിർഭവിച്ചു. നിമിഷങ്ങൾക്കകം അവ ഘനീഭവിച്ച് അഞ്ജനശൈലം പോലെ ഉന്നതാകാരം പൂണ്ട് ക്രമേണ ഒരു ഭീകര സ്ത്രീരൂപമായി പരിണമിച്ചു. ചന്ദ്രകലാലംകൃതമായ ശിരസ്സ്, ജ്വലിക്കുന്ന ഉറിച്ച വട്ടക്കണ്ണുകൾ, നെറ്റിയിൽ ശോഭിക്കുന്ന മൂന്നാം തൃക്കണ്ണ്, രത്നഖചിതങ്ങളായ തിളങ്ങുന്ന കുണ്ഡലങ്ങൾ, പുറത്തേക്ക് ചാടി ചലിച്ചുകൊണ്ടിരിക്കുന്ന ചുവന്ന തടിച്ച നാവ്, കരാളദ്രഷശ്ട്ങ്ങൾ, വിവിധ ആയുധങ്ങൾ ധരിച്ച നീണ്ട ബലിഷ്ഠമായ ബാഹുക്കൾ, കപാലമാല, ചുവന്ന പട്ടുടയാട, മേഘഗ്ർജ്ജനത്തെ വെല്ലുന്ന അട്ടഹാസം അങ്ങനെ ഭീഷണമായ രൂപത്തോടെയുള്ള ശ്രീ ഭദ്രകാളി അവതരിച്ചു. ശ്രീ പാർവ്വതി സ്നേഹവാത്സല്യ പ്രകടനത്താൽ കാളിയെ ശാന്തയാക്കി. അനുഗ്രഹിച്ചു. ശ്രീ ശങ്കരൻ കാളിയെ (ചാമുണ്ഡിയെ) അടുത്തുവിളിച്ച് ഇപ്രകാരം അരുളി ചെയ്തു.

> “നമ്മുടെ തലമുറ ഗുണപ്രധാനം തേജസ്സും കണ്ഠത്തിലെ കാളിയും ഒന്നിച്ചുചേർന്ന് കാളമേഘവർണ്ണിനിയായ നിന്നെ കണ്ഠേകാളി എന്ന് നാമകരണം ചെയ്യുന്നു.”

തുടർന്ന് ഇപ്രകാരം അരുളിചെയ്തു. സമ്സ്ത ലോകരുടേയും ജന്മജന്മാർജ്ജിതമായ മൃഗീയ വാസനകളെ ബലിയായി സ്വീകരിച്ച് പകരം അവർക്ക് ഭദ്രം പ്രദാനം ചെയ്യുന്നതിനെ ഭദ്രകാളിയെന്ന് വിളിക്കുന്നു.

തുടർന്ന് വിനയാന്വിതയായ ഭദ്ര “ഈ പുത്രി ചെയ്യേണ്ട പ്രഥമവും പ്രധാനവുമായ ദൗത്യമെന്താണെന്ന് അരുളിചെയ്താലും.” അപ്രകാരം ശ്രീകണ്ഠൻ ദേവിയോട് സകല സജ്ജനങ്ങൾക്കും ദു:ഖമുണ്ടാക്കുന്ന ദാരികനെ വധിക്കാനും ധർമ്മവും ശാന്തിയും പുന:സ്ഥാപിക്കാനും ആ കർത്തവ്യം ഏറ്റെടുക്കാനും ആവശ്യപ്പെട്ടു. ഈ കൃത്യനിർവ്വഹണത്തിന് സഹായത്തിനായി നന്ദിമഹാകാളന്റെ സേനയായ കരുത്തിൽ അസംഖ്യം ഭൂതഗണങ്ങളേയും കാളിക്കൂളികളേയും ആയുധധാരികളായി ഒപ്പം നിയോഗിക്കുകയും ചെയ്തു. ഭദ്രകാളിക്ക് വാഹനമായി വേതാളിയെ നൽകി. ഷഡ്മാതാക്കളേയും അവരോടൊപ്പമുള്ള സേനാവ്യൂഹത്തേയും തുണയായി കൂട്ടികൊള്ളാനും നിർദ്ദേശിച്ചു.

മാതാപിതാക്കളുടെ ആശിർവാദവും ഏറ്റുവാങ്ങി ഭദ്രയും സേനയും ദാരികപുരിയിലേക്ക് പുറപ്പെട്ടു. കാളിയും സൈന്യവും ദാരികപുരിയിലെത്തി. ദാരികനുമായി ഘോരയുദ്ധം ആരംഭിച്ചു. ചെറുത്തുനില്ക്കാനാകാതെ ദാരുകൻ പാതാളത്തിൽ പോയി ഒളിച്ചു. ഭദ്രകാളി നാവുകൊണ്ട് പാതാളത്തിൽ നിന്നും ദാരുകനെ ഭൂമിയിലേക്ക് കൊണ്ടുവന്നു. അവനെ ശൂലത്തിൽ കോർത്തു. ത്രശൂലത്തിൽ ദാരികന്റെ ശിരസ്സ് ഛേദിച്ചു. ആ ശിരസ്സ് ഒരു കയ്യിൽ തൂക്കിപിടിക്കുകയും രക്തചഷകം മറ്റൊരു കയ്യിൽ എടുത്തും യുദ്ധത്തിൽ മരിച്ച അസുരന്മാരുടെ ശിരസ്സുകൊണ്ട് മാലകോർത്ത് ധരിച്ചും. ദംഷ്ട്രോജ്ജ്വലയായി. ശൂലം, ഖഡ്ഗം, പാശം, ആദിയായ വിവിധ ആയുധജാലങ്ങളുമേന്തി ഭദ്രകാളി യുദ്ധകളത്തിൽ

സംഹാരതാണ്ഡവമാടി. തുടർന്ന് ദേവന്മാരുടെ അഭ്യർത്ഥനപ്രകാരം കലിയടക്കി ഭദ്രകാളി തന്റെ നിയോഗം പൂർത്തിയാക്കിയ ശുഭവാർത്ത ശിവനെ അറിയിക്കാനായി കൈലാസത്തിലെത്തി. ഭദ്രകാളിയെ ശാന്തയാക്കിയ ശേഷം ഭഗവാൻ ഇപ്രകാരം അരുളിചെയ്തു.

> “മകളേ, അവതാരോദ്ദേശ്യം നിറവേറ്റിയ നീ ഇനി മുതൽ പരശുരാമനാൽ വീണ്ടെടുത്ത കേരളക്കരയിൽ വസിക്കുക. പൃഥ്വിയിൽ ഭക്തജനങ്ങൾ സ്നേഹത്തോടെ സമർപ്പിക്കുന്ന നൈവേദ്യം പ്രീതിയോടെ സ്വീകരിച്ച് സന്തുഷ്ടയായി അവരുടെ യോഗക്ഷേമങ്ങൾ നിർവ്വഹിക്കുക. ഉപഹാരങ്ങളുടെ ബഹുലതയോ മൂല്യമോ അല്ല മറിച്ച് അവ സമർപ്പിക്കുന്ന വ്യക്തിയുടെ ഹൃദയശുദ്ധിയും ഭക്തിയുമാണ് പരിഗണിക്കേണ്ടത്. നിനക്ക് സർവ്വമംഗളങ്ങളും ഭവിക്കട്ടെ.”

ഇതത്രെ കേരളക്കരയിൽ ഭദ്രകാളിക്ഷേത്രങ്ങൾ ഉടലെടുക്കാനുണ്ടായ പുരാവൃത്തം. അങ്ങനെ ഭദ്രകാളിയെ ചിലർ കുലദേവതയായും മറ്റു ചിലർ ഇഷ്ടദേവതയായും വേറെ ചിലർ ധർമ്മദൈവങ്ങളായും പരദേവതകളായും നിത്യവും പൂജിച്ചാരാധിച്ചു തുടങ്ങി.

## ആരാധനാരീതികൾ

ദേവിയുടെ അനുഗ്രഹം ലഭിക്കാനായി വിവിധതരം ആരാധനാരീതികൾ പിൽക്കാലത്ത് ഉടലെടുത്തു. പൂജാദികർമ്മങ്ങൾക്കുപുറമെ പാട്ടും ആട്ടവുമെല്ലാം ദേവിയെ പ്രീതിപ്പെടുത്തുമെന്ന് വിശ്വസിച്ചുപോന്ന പലതരം കലാരൂപങ്ങളും ഉടലെടുത്തു വന്നു. കേരളക്കരയിൽ ഉടലെടുത്ത നിരവധി കലാരൂപങ്ങൾക്ക് കാളിസങ്കല്പമാണ് ഇതിവൃത്തമായി സ്വീകരിച്ചിരിക്കുന്നത്. ആദ്യകാലത്താകട്ടെ തറയിൽ ദേവിയുടെ രൂപം പഞ്ചവർണ്ണപൊടികളുപയോഗിച്ച് കലാപരമായി വരയ്ക്കുകയും വരച്ച കളത്തിൽ പൂജാദികർമ്മങ്ങൾ നടത്തുകയും ചെയ്യുന്നതായിരുന്നു രീതി. കളമെഴുത്തുപാട്ട് ഇതിന് ഉദാഹരണമാണ്. ദേവിയുടെ വിവിധ രൂപത്തിലുള്ള രൂപങ്ങൾ തറയിലെഴുതി പാട്ടും മേളവും ചേർത്ത് അവതരിപ്പിക്കുന്ന രൂപമാണിത്. പാട്ടിലൂടെ ദേവിയുടെ അവതാരകഥയും ദാരികവധവുമെല്ലാം വാദ്യത്തിന്റെ അകമ്പടിയോടെ അവതരിപ്പിക്കുന്നു. ഇതുപോലെ തറയിൽ കളം വരച്ച് ആരാധിക്കുന്ന മറ്റൊരു കലാരൂപമാണ് സർപ്പക്കളം. സർപ്പപ്രീതിക്കുവേണ്ടി നടത്തുന്ന ഒരു കലാരൂപമാണിത്. സർപ്പാരാധനയിൽ അവസാന കളമായി വരക്കുന്നത് ദേവിയുടെ കളമാണ്. കാവുകാക്കുന്ന ദേവതയെന്ന സങ്കല്പത്തിലുള്ളത്.

തറയിലെഴുതുന്ന ദേവിയുടെ രൂപം പിൽക്കാലത്ത് മുഖത്തെഴുത്തിലേക്ക് മാറിയതോടെ ദേവിയുടെ ചിത്രം വരച്ച പൊയ്മുഖങ്ങൾ മുഖച്ചുവെച്ചുകെട്ടി പാട്ടും നൃത്തവും അവതരിപ്പിക്കുന്നരീത ആരംഭിച്ചു. പടയണി, മുടിയേറ്റ് തുടങ്ങിയ കലാരൂപങ്ങൾ ഇതിനുദാഹരണമാണ്. പടയണിയിലെ വിവിധ കോലങ്ങൾ ദാരികവധം കഥയിലെ കഥാപാത്രങ്ങളാണ്. കാളി, കൂളി തുടങ്ങിയ കഥാപാത്രങ്ങൾക്ക് വ്യത്യസ്ത രൂപമാണുള്ളത്. ഏകദേശം നൂറിലേറെ കോലങ്ങളാണ് പടയണിയിലുള്ളത്. ഈ കലാരൂപത്തിന്റെ ഇതിവൃത്തം ദാരികവധം കഥ തന്നെയാണ്.

കോലം വരച്ച് മുഖത്തുവെച്ച് നൃത്തച്ചുവടുകളായി കളിക്കുന്ന പടയണി കലാകാരന്മാർ ഒരു ഗ്രാമത്തിന്റെ മുഴുവൻ പ്രതിനിധിയായി തീരുന്നു. പടയണിയുടെ അരങ്ങ് ഗ്രാമം മുഴുവൻ വ്യാപിപ്പിച്ചിരിക്കും. അതുകൊണ്ട് ഈ കലയിൽ ഗ്രാമവാസികളെല്ലാം പങ്കാളികളായിരിക്കും. ദാരികവധത്തിനുശേഷം ഭീകരരൂപിണിയായ കാളിയുടെ ക്രോധമടക്കാനായി സുബ്രഹ്മണ്യന്റെ നിർദ്ദേശപ്രകാരം ഭൂതഗണങ്ങൾ കോലമെഴുതി മുഖത്തുകെട്ടി കാളിയുടെ മുന്നിൽ തുള്ളിക്കളിച്ചു. ഇതു കണ്ട് കാളിയുടെ കോപം അടങ്ങിയെന്നതാണ് പുരവൃത്തത്തിന്റെ സങ്കല്പം. എഴുതുന്ന കോലങ്ങളിലെല്ലാം സ്ഥായിയായ ഭാവം ഭയാനകത തന്നെ.മുടിയേറ്റ് എന്ന കലാരൂപത്തിലാണ് ആദ്യാവസാനം ഘോരരൂപം പ്രകടമാകുന്നത്. പടയണിയിൽ അതിന്റെ തുടർച്ചയായ മിത്തിന്റെ ഭാഗമാണ് ദർശിക്കുന്നത്. തന്റെ സ്വന്തം രൂപം ഇങ്ങനെയാണെന്ന് കണ്ടതോടെ കാളി സ്വന്തം രൂപത്തിലേക്ക്

തന്നെ ശ്രദ്ധിക്കാനിടയായി. അതുകണ്ടതോടെ കാളിയുടെ കോപമടങ്ങിയെന്നാണ് കഥ. കോപം വന്ന് തുള്ളുന്നവരുടെ രൂപം സ്വയം കാണുമ്പോഴുള്ള ജാള്യതയും ആത്മഹാസവും സ്വാഭാവികമാണല്ലോ! കാളിയുടെ തന്നെ ഭാവങ്ങളാണ് കോലമായി കെട്ടിയാടുന്നത് തന്റെ സ്വന്തം രൂപം കാണുമ്പോഴുണ്ടാകുന്ന ജാള്യത കോപം അടക്കി ആദർശലാവണ്യത്തിലേക്ക് മാറുന്ന ഈ കോലങ്ങൾ കണ്ടപ്പോൾ കാളി ശാന്തയായെന്നാണ് സങ്കല്പം.

പ്രകൃതിയും വികൃതിയുമുള്ളതിൽ വികൃതി വികലഭാവമാണ് കാണിക്കുന്നത്. സ്വന്തം വികലരൂപം, ചിന്ത, ഭാവം എന്നിവ കാണുമ്പോൾ സ്വയം ചിന്തിക്കാനുള്ള തോന്നൽ ഉണ്ടാകുമല്ലോ. അതാണ് പടയണികോലത്തിന്റെ തത്വം. കളമെഴുത്തിലെ കളങ്ങളിൽ മിക്കവാറും സ്ഥായിഭാവം രൗദ്രമാണ്. അത്തരത്തിലുള്ള മൂർത്തികളെയാണ് കൂടുതലും വരയ്ക്കാറുള്ളത്. രൗദ്രത്തിന്റെ ലാവണ്യമാണതിൽ ദർശിക്കുന്നത്. നാടൻ കലകളിൽ കാണുന്ന ഉഗ്രത ബീഭത്സമാണ്. ദാരികവധം കഴിഞ്ഞ കാളിയുടെ നിരവധി കൈകളിലൊന്നിൽ മുറിച്ചെടുത്ത തലയുണ്ടായിരിക്കും. മറ്റു കൈകളിൽ വിവിധ തരം ആയുധങ്ങളും. ഇത്തരത്തിലുള്ള കളത്തിന്റെ സമഗ്രതയിൽ രൗദ്രഭാവമായിരിക്കും മുന്നിട്ട് നിൽക്കുന്നത്. വേട്ടക്കൊരുമകൻ പോലുള്ള കഥാപാത്രങ്ങളിൽ ഭീകരതയേക്കാൾ കൂടുതൽ ബഹിർസ്ഫുരിക്കുന്നത് വീരമാണ്.

പ്രാചീനകാലത്തെ മിത്തുകളിൽ മുഖ്യസ്ഥാനമായി കാണുന്നത് സർപ്പമാണ്. പല മിത്തിലും സർപ്പത്തിന് ദിവ്യത്വം കല്പിക്കുന്നുണ്ട്. സർപ്പാരാധനയിലും ദേവിക്ക് സാന്നിദ്ധ്യമുണ്ട്.

യക്ഷി ഭാരതത്തിൽ ചിലയിടത്തുമുള്ള ഒരു സങ്കല്പമാണ്. യക്ഷിയെ നേരിടാൻ കാളിയുടെ സൗമ്യമായ ദേവീസങ്കല്പങ്ങൾക്ക് കഴിയുമെന്ന മിത്തുകൾ പിൽക്കാലത്തുണ്ടായിട്ടുണ്ട്. കാളിയുമായി ബന്ധപ്പെട്ട പല ആരാധനകളിലും കളം വരയ്ക്കുന്ന പതിവുണ്ട്. കാളിസങ്കല്പത്തോടനുബന്ധിച്ച് വരക്കുന്ന കളങ്ങളിൽ സങ്കല്പത്തിനനുസരിച്ച് ബാഹുക്കളും കാണാറുണ്ട്. വൈക്കം മഹാദേവക്ഷേത്രത്തിൽ 12 വർഷത്തിലൊരിക്കൽ നടത്താറുള്ള വടക്കുപുറത്തുപാട്ടിലെ ഭദ്രകാളി കളത്തിന് 64 കൈകളാണ് വരയ്ക്കുന്നത്.

പടയണിയിലെപ്പോലെ മുടിയേറ്റിലും രംഗാവിഷ്കാരങ്ങൾ കാളി മിത്തുമായി ബന്ധമുള്ളതാണ്. കാളി-ദാരിക മിത്തിലെ മറ്റൊരാവിഷ്കരമാണ് മുടിയേറ്റ്. ദാരികൻ, ദാനവേന്ദ്രൻ, നാരദൻ, ശിവൻ, കാളി, കൂളി എന്നിവർ ഇവിടെ പ്രധാന കഥാപാത്രങ്ങളാണ്. കാളിയുടെ രൂപവും അവതരണവും എല്ലാം രൗദ്രഭാവം നിറഞ്ഞ നിലയിലുള്ളതാണ്. കാളിയുടെ പുറപ്പാട് രൗദ്രത്തിന്റെ ഉയർന്ന തലത്തിലുള്ളതുമാണ്. കാളിയുടെ അഭിനയം തുടക്കം മുതൽ ഒടുക്കം വരെ രൗദ്രഭാവത്തിന്റെ ഉത്തുംഗശൃഗത്തിൽ നിലകൊള്ളുന്നു. മുടിയേറ്റിൽ ……വിൽ അനുഗ്രഹമൂർത്തിയായി മുടിയുഴിച്ചിലും പന്തമുഴിച്ചിലും നടത്തി ജനങ്ങളെ ആശ്വസിപ്പിക്കുന്നു.

മിത്തുകൾ പൗരാണികങ്ങളുടെ അടയാളങ്ങടങ്ങിയവയാണ്. യാഥാർത്ഥ്യം പോലെ മിഥ്യവും സത്യവുമാണ്. ഒരു ജനതയുടെ സംക്ഷേപിപ്പിച്ച ആശയങ്ങളാണ് മിത്തിൽ ഉയരുന്ന ചിന്തയും ജീവിതവീക്ഷണവും. ഇത്തരം മിത്തുകളെ ആനന്ദമാക്കിയുള്ള കലാരൂപങ്ങൾ ഒരു ജനസംസ്കൃതിയായിരുന്നു. അതിൽ അവരുടെ സമസ്തജീവിതവും നിഴലിച്ചിരുന്നു. അതവരുടെ ജീവിതമായിരുന്നു. കലകളെ അവരുടെ ജീവിതത്തിൽ നിന്ന് വേർതിരിക്കാനാവാത്തവിധം ഇഴുകിചേർന്നിരിക്കുന്നു. കലാരൂപങ്ങളോട് അവർക്കുള്ളതായ വിശ്വാസം, ആചാരം, അനുഷ്ഠാനം എന്നിവയിലധിഷ്ഠിതമായതിനാൽ കലാസ്വാദനം എന്ന പ്രാചീന ചിന്താഗതി ഇവിടെ പ്രസക്തമായിരുന്നില്ല. കാരണം അത്തരം നാടൻ കലകളിലെ കാണികളിലോരോരുത്തരും കലയുടെ ഭാഗങ്ങളായി തീരുകയാണ് ചെയ്യുന്നത്. അമ്മ ദൈവം അവരുടെ മുഖ്യ ആശ്രയമായിരുന്നു. അവർക്ക് അമ്മ പ്രകൃതി തന്നെയാണ്. ദുഷ്ടതയുടെ പര്യായമായ ദാരികൻ കേരളത്തിൽ ശക്തനായ മിത്താണ്. ദുഷ്ടനെ നശിപ്പിച്ച് സമൂഹത്തെ രക്ഷിക്കാൻ ആദിമാതാവിനെ ഏല്പിക്കുന്നതാണ് കാളി-

ദാരികയുദ്ധമെന്ന മിത്തിന്റെ അടിസ്ഥാനം. വേഗവും മനുഷ്യനിർമ്മിത ദുരിതവും അകറ്റുന്ന കാളിയുമായി ബന്ധപ്പെട്ടതാണ് അനുഷ്ഠാനവതരണങ്ങളേറെയും.

ഭാരതത്തിലെ വിവിധ സ്ഥലങ്ങളിൽ വിവിധ പേരുകളിൽ ആരാധിച്ചു വരുന്ന ദേവതയാണ് ഭദ്രകാളി. ഭദ്രകാളിയുടെ സങ്കല്പത്തിലും ആരാധനാ രീതിയിലുമെല്ലാം പല സമ്പ്രദായങ്ങളും കൂടികലർന്നിട്ടുണ്ട്. കാളിയെ ചുടുകാട്ടിലമ്മയായി സങ്കൽപിച്ച് ചുടലഭദ്രകാളിയായി ആരാധിക്കുന്നവരുണ്ട്. യുദ്ധദേവതയാണ് കാളി. കേരളത്തിൽ പലയിടങ്ങളിലും കാളിസങ്കല്പവും ആരാധനയുമുണ്ട്. കേരളക്കരയിൽ വിവിധ ജാതിക്കാർ കാളിയെ വ്യത്യസ്തരൂപത്തിൽ ആരാധിച്ചുവരുന്നു. അവർണ്ണവിഭാഗത്തിലുള്ളവർ കാളി, ചുടലകാളി, ചുട്ടകാളി, പുലയരുകാളി, കാളിയമ്മ എന്നിങ്ങനെ വിവിധ രൂപത്തിൽ ആരാധിക്കുമ്പോൾ സവർണ്ണ വിഭാഗക്കാർ ദുർഗ്ഗാപൂജ, ശ്രീചക്രപൂജ എന്നീ വൈദികവും താന്ത്രികവുമായ രീതിയിൽ സൗമ്യദേവതയായാണ് ആരാധിക്കുന്നത്. കല്ലാറ്റുകുറുപ്പന്മാരുടെ കളമെഴുത്തിൽ ദാരികവധം കഴിഞ്ഞെത്തിയ ദേവിയുടെ രൂപമാണ് വരച്ചാരാധിക്കുന്നത്.

ഭദ്രകാളികാവുകളിൽ വാർഷികത്തോടനുബന്ധിച്ച് നടത്തുന്ന തോൽപ്പാവകൂത്തിൽ രാമായണം കഥയാണ് അവതരിപ്പുന്നതെങ്കിലും ആ കല അവതരിപ്പിക്കുന്നത് ദേവിയുടെ ചിരകാലമായ ഒരാഗ്രഹത്തിനുവേണ്ടിയാണെന്നാണ് വിശ്വാസം. ഭദ്രകാളി ദാരികനുമായി യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന കാലത്ത് തന്നയാണത്രെ രാമരാവണയുദ്ധം നടന്നത്. ആ യുദ്ധം കാണാനാഗ്രഹിച്ച ദേവിക്ക് ആ യുദ്ധം കാണാൻ കഴിയാതെ വന്നതുകൊണ്ട് ആ ആഗ്രഹസാഫല്യത്തിനാണ് ദേവീക്ഷേത്രങ്ങളിൽ തോൽപ്പാവക്കൂത്ത് അവതരിപ്പിക്കുന്നു എന്നാണ് കഥ.

ഭദ്രകാളി ക്ഷേത്രങ്ങളിലെ വാർഷികോത്സവത്തോടനുബന്ധിച്ച് നടത്തുന്ന തിറ- പൂതൻ കളിയുടെ സങ്കല്പവും കാളിസങ്കല്പമാണ്. ദാരികവധത്തിനായി വേതാളവാഹനത്തിലേറി കാളി പോകുമ്പോൾ അകമ്പടിയായി കൂടെയുണ്ടായിരുന്നവരാണ് തിറപൂതാദികൾ. ആ യുദ്ധത്തിന്റെ സ്മരണക്കാണ് ദേവീക്ഷേത്രത്തിലെ പൂരത്തിൽ തിറയും പൂതനും കൊട്ടിയാടി കളിക്കുന്നതെന്നാണ് വിശ്വാസം.

കേരളം നാടൻകലകളുടെ കലവറയാണ്. നിരവധി നാടൻകലകൾ കേരളത്തിൽ പിറവിക്കൊണ്ടിട്ടുണ്ട്. അവയിൽ ഏറെയും കാളി സങ്കല്പത്തോട് ബന്ധപ്പെട്ടുള്ളതാണെന്ന് പഠനം തെളിയിക്കുന്നു. ആചാരത്തിലും അനുഷ്ഠാനത്തിലും വൈവിധ്യം പുലർത്തുന്ന അത്തരം കലകൾ കേരളക്കരയിൽ കാളിസങ്കല്പത്തിന്റെ വ്യാപനത്തെയാണ് കുറിക്കുന്നത്. ദേവിപ്രീതിക്കായി അവതരിപ്പിക്കുന്ന ഏതാനും നാടൻകലകളുടെ നാമം ഇവിടെ സൂചിപ്പിക്കട്ടെ.

ഭഗവതിതോറ്റം, കാവടിചിന്ത്, പാന, ഉടുക്കുപാട്ട്, നന്തുണിപാട്ട്, പങ്കാളി, മുടിയേറ്റ്, തിറയും പൂതനും, ഭഗവതിപ്പാട്ട്, തന്നാരംകളി, കരിങ്കാളി, വേലകളി, പറതെയ്യം, കതിരുകളി തുടങ്ങിയ കലാരൂപം ദേവി പ്രീതിക്കായി നടത്തുന്നവയാണ്. ഇവയിൽ ചിലവ ആചാരങ്ങളുടെ അടിസ്ഥാനത്തിൽ അവതരിപ്പിച്ചുവരുന്നവയാണ്. മറ്റു ചില കലകൾ അനുഷ്ഠാനപരമായ സവിശേഷതകൾ ഉൾക്കൊള്ളുന്നവയാണ്. ഓരോ സംസ്കാരത്തിനും അവരുടേതായ വർണ്ണരൂപദർശനമുണ്ട്. കുരുതിയ്ക്കുള്ള ചുവപ്പിനും അണിയാനുള്ള അരിമാവ് ചാന്തിനും അനുഷ്ഠാനാന്തരീക്ഷ സൃഷ്ടിയിൽ വളരെയേറെ പങ്കുണ്ട്. പ്രാക്തനയുടേത് പ്രകൃതിയുടെ സത്യദർശനമത്രെ. ആത്മീയാനുഭവത്തിന്റെ സ്പർശനമുള്ളതിനാലും കലയെന്ന നിലയ്ക്ക് ബോധപൂർവ്വം ചെയ്യുന്ന സൃഷ്ടി അല്ലാത്തതിനാലും പ്രാക്തകല ശുദ്ധവും ആത്മസത്ത നിറഞ്ഞതുമാണ്. ചുറ്റുമുള്ള സത്യത്തെ വ്യത്യസ്തമായ രീതിയിലൂടെയാണവർ കാണുന്നതും സ്വാംശീകരിക്കുന്നതും. അതിനാലാകാം പ്രാചീനകലാസൃഷ്ടികൾക്ക് ആഴത്തിലുള്ള സൂക്ഷ്മാംശം ഉണ്ടായത്. അവന്റെ കലാരൂപങ്ങൾ ഏറെയും ബന്ധപ്പെട്ടു വരുന്നതാകട്ടെ സ്വന്തം വിശ്വാസത്തിലുള്ള മിത്തിന്റെ അടിസ്ഥാനത്തിലുമാണ്.

## ഉപസംഹാരം

കേരളീയ ജനതയുടെ ശാന്തമായ മിത്തായിത്തീരാൻ ഭദ്രകാളി സങ്കല്പത്തിന് കഴിഞ്ഞിട്ടുണ്ടെന്നത് ഒരു യാഥാർത്ഥ്യമാണ്. അതിനാലാകാം അവന്റെ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും കാവ്യസങ്കല്പത്തിന് ഇത്ര പ്രാധാന്യം വന്നുചേർന്നത്. അവരുടെ ഐശ്വര്യത്തോടുള്ള ജീവിതസങ്കല്പത്തിൽ കാളി ഒഴിവാക്കാനാകാത്ത മിത്താണ്. പ്രകൃതിക്ക് നേരെ തുറന്ന മൂന്നാംകണ്ണായിരുന്നു അവന്റെ സങ്കല്പത്തിലുണ്ടായിരുന്നത്. അവന്റെ ഭാവനയിലെ സങ്കല്പം അവർ രചനയിലൂടെ പുനർസൃഷ്ടിക്കുകയായിരുന്നു. അതവന്റെ ജീവിതയാഥാർത്ഥ്യമായി തീർന്നു. അവന്റെ കലകൾക്ക് വർഗ്ഗപരവും സാംസ്കാരികപരവും വർണ്ണപരവുമായ സവിശേഷതകളുണ്ട്. പ്രാചീന ജനതയുടെ കലകളിലെ പല രൂപങ്ങളും നാടോടിമിത്തുകളെ പ്രതീകാത്മകമായി സൂചിപ്പിക്കുന്ന സങ്കേതങ്ങളാണ്. പ്രകൃതിയേയും പല സമീപപ്രദേശങ്ങളുടെ സിവിശേഷതകളേയും സങ്കല്പങ്ങളേയും ശൈലീകൃതമായി ആവിഷ്കരിക്കുന്നതാണ് നാടോടികലകളിലെ ആചാരാനുഷ്ഠാനങ്ങൾ ഏറെയും. പ്രാചീനമനുഷ്യന്റെ വർണ്ണബോധം കലാബോധം ഭാഷാശൈലി എന്നിവ അവന്റെ കലയിൽ പ്രതിഫലിച്ചിട്ടുമുണ്ട്.

## റഫറൻസുകൾ


വിജയകുമാർ മേനോൻ. *ദൈവത്തായ്.* നാട്ടറിവുപഠനകേന്ദ്രം, കണിമംഗലം, തൃശ്ശൂർ.

പിള്ള, എം. പി. *ഭദ്രകാളിചരിതം.* കൈനകരി ദേവി ബുക്ക്സ്റ്റാൾ, കൊടുങ്ങല്ലൂർ.

രാജഗോപാലൻ, സി.ആർ. *ഗോത്രകലാവടിവുകൾ.* നാട്ടറിവുപഠനകേന്ദ്രം, കണിമംഗലം, തൃശ്ശൂർ.